©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ആഗസ്റ്റ് 25<br>25th August 2020<br>1196 ചിങ്ങം 9<br>9th Chingam 1196<br>1942 ഭാദ്രം 3<br>3rd Bhadra 1942 | നമ്പർ<br>No. | 34 |

# PART III

# Labour Department

നോട്ടീസ്

(1)

നമ്പർ ബി–90/2020. 2020 ജൂലൈ 23.

മാനേജർ, ലക്ഷ്മി എസ്റ്റേറ്റ്, കെ. ഡി. എച്ച്. പി. കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, മൂന്നാർ എന്ന തൊഴിലുടമയുടെ കീഴിൽ ജോലി നോക്കി വരവെ 5–10–2009–ാം തീയതിയിൽ ജോലിക്കിടയിലുണ്ടായ അപകടത്തിൽ മരണമടഞ്ഞ ശ്രീ. തങ്കമണി, സൗത്ത് ഡിവിഷൻ, ലക്ഷ്മി എസ്റ്റേറ്റ്, മൂന്നാർ എന്ന തൊഴിലാളിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി തൊഴിലുടമ ₹ 80,000 (എൺപതിനായിരം രൂപ മാത്രം) ഈ കോടതിയിൽ കെട്ടിവച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം ആക്ട് 1923–ലെ 2 (1) (ഡി) വകുപ്പിൽ നിർവചിച്ച പ്രകാരം ടിയാന്റെ മരണസമയത്തെ ആശ്രിതരായി (1) ശ്രീമതി സമുദ്രകനി (ഭാര്യ), സൗത്ത് ഡിവിഷൻ, ലക്ഷ്മി എസ്റ്റേറ്റ്, മൂന്നാർ, ഇടുക്കി–685 612, (2) ശ്രീ. മുത്തുപേച്ചി (മകൾ), സൗത്ത് ഡിവിഷൻ, ലക്ഷ്മി എസ്റ്റേറ്റ്, മൂന്നാർ, ഇടുക്കി–685 612, (3) ശ്രീമതി രാജകനി (മകൾ), സൗത്ത് ഡിവിഷൻ, ലക്ഷ്മി എസ്റ്റേറ്റ്, മൂന്നാർ, ഇടുക്കി–685 612 എന്നിവർ മാത്രമേ ഉള്ളൂവെന്ന് മൂന്നാർ അസിസ്റ്റന്റ് ലേബർ ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നു. അപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം ഈ കോടതി മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ കെട്ടിവെച്ച നഷ്ടപരിഹാരത്തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ ബി–91/2020. 2020 ജൂലൈ 23.

മാനേജർ, ലക്ഷ്മി എസ്റ്റേറ്റ്, കെ. ഡി. എച്ച്. പി. കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, മൂന്നാർ എന്ന തൊഴിലുടമയുടെ കീഴിൽ ജോലി നോക്കി വരവെ 19–5–2012–ാം തീയതിയിൽ ജോലിക്കിടയിലുണ്ടായ അപകടത്തിൽ മരണമടഞ്ഞ ശ്രീമതി രാജമ്മ, വെസ്റ്റ് ഡിവിഷൻ, ലക്ഷ്മി എസ്റ്റേറ്റ്, മൂന്നാർ എന്ന തൊഴിലാളിയുടെ ആശ്രിതർക്ക് എംപ്ലോയീസ് കോംപൻസേഷൻ നൽകുന്നതിനായി തൊഴിലുടമ ₹ 80,000 (എൺപതിനായിരം രൂപ മാത്രം)

ഈ കോടതിയിൽ കെട്ടിവെച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം ആക്ട് 1923-ലെ 2 (1) (ഡി) വകുപ്പിൽ നിർവചിച്ച പ്രകാരം ടിയാളുടെ മരണസമയത്തെ ആശ്രിതനായി ശ്രീ. മുനിയാണ്ടി (ഭർത്താവ്), വെസ്റ്റ് ഡിവിഷൻ, ലക്ഷ്മി എസ്റ്റേറ്റ്, മൂന്നാർ, ഇടുക്കി-685 612 (പാറയ്ക്കൽ വീട്, ടീ കമ്പനി, ബൈസൺവാലി, ഇടുക്കി-685 565) എന്നയാൾ മാത്രമേ ഉള്ളൂവെന്ന് മൂന്നാർ അസിസ്റ്റന്റ് ലേബർ ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നു. അപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം ഈ കോടതി മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ കെട്ടിവച്ച നഷ്ടപരിഹാരത്തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തിക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

| | |
|---|---|
| ഇൻഡസ്ട്രിയൽ | (ഒപ്പ്) |
| ട്രൈബ്യൂണലിന്റെ | എംപ്ലോയീസ് കോമ്പൻസേഷൻ |
| കാര്യാലയം, ഇടുക്കി, | കമ്മീഷണർ & |
| പീരുമേട്. | ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ. |